കേരളം

INTERNATIONAL CONGRESS ON KERALA STUDIES

അഞ്ചാമത് അന്താരാഷ്ട്ര കേരളപഠന കോൺഗ്രസിന് മുന്നോടിയായി

## ത്രിദിന സെമിനാർ

# കേരളത്തിലെ കൃഷി

20-22 മെയ് 2023 ◆ തൃശൂർ



**എ.കെ.ജി. പഠനഗവേഷണകേന്ദ്രം**

**തിരുവനന്തപുരം**

25.02.2023

പ്രിയ സുഹൃത്തെ,

**അ**തിരുകളില്ലാത്ത വളർച്ചാ സാദ്ധ്യതകളാണ് കേരളത്തിലെ കാർഷിക മേഖലയിലുള്ളത്. രാജ്യത്ത് മറ്റെവിടെയുമില്ലാത്ത കാർഷിക ജൈവ വൈവിധ്യവും ജലലഭ്യതയും വിപുലമായ സഹായ സംവിധാനങ്ങളും സർക്കാർ പിന്തുണയും കേരളത്തിലുണ്ട്. ആഗോള വിപണിയിൽ പ്രാധാന്യമുള്ള നിരവധി വിളകളും കേരളത്തിൽ കൃഷി ചെയ്യുന്നുണ്ട്.

എന്നാൽ വിവിധ വിളകളുടെ ഉൽപാദനത്തിലും ഉൽപാദനക്ഷമതയിലും മൂല്യവർദ്ധനവിലും നമുക്ക് പ്രതീക്ഷിച്ച വിധത്തിൽ മുന്നേറാൻ സാധിച്ചിട്ടില്ല എന്നതാണ് യാഥാർഥ്യം. ഉൽപന്നങ്ങളുടെ വിലയിലും വരുമാനത്തിലുമുണ്ടാകുന്ന പ്രവചനാതീതമായ ഏറ്റക്കുറച്ചിൽ, വർദ്ധിച്ച ഉൽപാദന ചെലവ് മുതലായവ കാരണം കാർഷിക വൃത്തിയോടുള്ള ആഭിമുഖ്യം കുറഞ്ഞതായി കാണുന്നു. ഇതിന്റെയൊക്കെ ഫലമായി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര വരുമാനത്തിൽ കാർഷിക മേഖലയുടെ സംഭാവനയും കുറഞ്ഞിട്ടുണ്ട്.

അതേസമയം സമീപകാലത്തായി കേരളത്തിലെ കാർഷികമേഖലയിൽ പ്രകടമായ ഉണർവ്വുണ്ടായിട്ടുണ്ട് എന്നു കാണാം. കാർഷിക മേഖലയിലെ സാധ്യതകൾ ഭാവനാപൂർണ്ണമായും കാര്യക്ഷമമായും ഉപയോഗപ്പെടുത്തുന്ന നിരവധി വിജയകരമായ പ്രാദേശിക മാതൃകകൾ സൃഷ്ടിക്കുന്നു.

കേരളത്തിലെ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധികൾ സൂക്ഷ്മമായി വിശകലനം ചെയ്യുന്നതിനും പുതിയ വികസന സാധ്യതകൾ വിലയിരുത്തുന്നതിനുമായി എ.കെ.ജി. പഠന ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ത്രിദിന സെമിനാർ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അഞ്ചാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന്റെ മുന്നോടിയായിട്ടാണ് ഈ സെമിനാർ സംഘടിപ്പിക്കുന്നത്. 2023 മെയ് 20, 21, 22 എന്നീ ദിവസങ്ങളിൽ തൃശൂരിൽ വെച്ചാണ് സെമിനാർ നടക്കുക. സമാന്തരമായും അല്ലാതെയും നടക്കുന്ന നൂറോളം സെഷനുകൾ ഉണ്ടാകും. കേരളത്തിന്റെ നാനാഭാഗത്തുനിന്നായി രണ്ടായിരത്തോളം പേർ ഇവയിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മൂന്നു ദിവസത്തെ കാര്യപരിപാടി താഴെകൊടുക്കുന്നു.



**1**

ഒന്നാം ദിവസം

20.05.2023

**അനുഭവാവതരണം**

**2**

രണ്ടാം ദിവസം

21.05.2023

**വിദഗ്ധരുടെ അവതരണങ്ങളും ഭാവി പ്രവർത്തന നിർദ്ദേശങ്ങളും**



**3**

മൂന്നാം ദിവസം

22.05.2023

**ചർച്ചകളുടെ ക്രോഡീകരണം**

**ഒന്നാം ദിവസം ◆ 20.05.2023**

# അനുഭവാവതരണം

ഉദ്ഘാടനത്തിനുശേഷം കാർഷികമേഖലയിലെ വിജയകരമായ ഇടപെടലുകളുടെ അനുഭവാവതരണങ്ങൾ നടക്കും. താഴെപ്പറയുന്നവരെയാണ് അവതരണങ്ങൾക്കു ക്ഷണിക്കുന്നത്.

- കേരളത്തിലെ മാതൃകാ കർഷകർ
- മാതൃകാ കാർഷിക സംരംഭകർ
- ശ്രദ്ധേയമായ പദ്ധതികൾ നടപ്പാക്കിയ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ
- സഹകരണ സംഘങ്ങൾ
- കർഷക കൂട്ടായ്മകൾ
- മാതൃകാ കൃഷി ഭവനുകൾ
- കർഷക സംഘടനകളുടെ പ്രതിനിധികൾ
- വിവിധ കാർഷിക ഏജൻസികൾ

250-300 അവതരണങ്ങളാണ് പ്രതീക്ഷിക്കുന്നത്. പ്രബന്ധത്തിന്റെ പൂർണ്ണരൂപം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. സംഗ്രഹം അച്ചടിച്ച് വിതരണം ചെയ്യും. വീഡിയോ അവതരണത്തിനും സൗകര്യമുണ്ടാകും.

## രണ്ടാം ദിവസം ◆ 21.05.2023

# വിദഗ്ധരുടെ അവതരണങ്ങളും ഭാവി പ്രവർത്തന നിർദ്ദേശങ്ങളും

**കൃ**ഷിയിലെ വിവിധ മേഖലകളിലെ നയങ്ങൾ, പ്രശ്നങ്ങൾ, പ്രവണതകൾ, സാധ്യതകൾ, സാങ്കേതികവിദ്യകൾ, സംഘാടനം, സംഭരണ-വിപണന രീതികൾ, മൂല്യവർദ്ധനവ് മുതലായ വിഷയങ്ങളിലാണ് വിദഗ്ദരുടെ അവതരണങ്ങൾ നടക്കുന്നത്. ഈ അവതരണങ്ങളോട് പ്രതികരിക്കാനും പുതിയ ആശയങ്ങൾ ചർച്ച ചെയ്യാനുമാണ് ഈ സെഷൻ.

തെരഞ്ഞെടുത്തിട്ടുള്ള വിഷയമേഖലകൾ അടുത്ത പേജിൽ നൽകിയിട്ടുണ്ട്. അവയെക്കുറിച്ച് താഴെപ്പറയുന്നവരെയാണ് പ്രബന്ധാവതരണത്തിനു ക്ഷണിക്കുന്നത്.

- **ശാസ്ത്രജ്ഞർ, ഗവേഷകർ**
- **കാർഷിക വിദഗ്ദർ**
- **ഉദ്യോഗസ്ഥർ**
- **മറ്റു സംസ്ഥാനങ്ങളിൽ നിന്നും ക്ഷണിക്കപ്പെട്ടവർ**
- **തെക്ക്-കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ നിന്നും ചൈനയിൽ നിന്നുമുള്ള വിദഗ്ദർ**

തെരഞ്ഞെടുക്കപ്പെട്ട യോഗ്യമായ പ്രബന്ധങ്ങൾ അച്ചടിച്ചു വിതരണം ചെയ്യും. പ്രബന്ധങ്ങളുടെ പൂർണ്ണരൂപം വെബ്സൈറ്റിൽ ലഭ്യമാകും. അവതരണങ്ങൾ പോസ്റ്ററുകളായി പ്രദർശിപ്പിക്കുന്നതിനു സൗകര്യമുണ്ടാകും.

## മൂന്നാം ദിവസം ◆ 22.05.2023

# ചർച്ചകളുടെ ക്രോഡീകരണം



# രണ്ടാം ദിവസത്തെ വിദഗ്ദ ചർച്ചയ്ക്കുള്ള തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങൾ

- കാർഷികോൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക
- വിളകളുടെ ഉൽപാദനക്ഷമതയുടെ വിശകലനം
- കാർഷിക കാലാവസ്ഥാ മേഖലകളും ഉൽപാദന വ്യവസ്ഥകളും
- നീർത്തടാധിഷ്ഠിത വികസനവും കാർഷിക വികസന ആസൂത്രണവും
- ഉൽപാദന ക്ഷമതാ വർദ്ധനവിന് മണ്ണിന്റെ ഫലഭൂയിഷ്ഠതാ പരിപാലനം
- അത്യുൽപാദനശേഷിയും അതിജീവനക്ഷമതയുമുള്ള വിത്തിനങ്ങൾ
- ഉൽപാദനക്ഷമതക്ക് സമഗ്ര സസ്യ പരിപാലനം
- ജലസേചനവും കാർഷിക വികസനവും
- കാർഷിക യന്ത്രവൽക്കരണം: പുതിയ പ്രവണതകൾ
- ആധുനിക സാങ്കേതിക വിദ്യകൾ കൃഷിയിൽ- ബയോ ടെക്നോളജി, നാനോ ടെക്നോളജി
- കൃഷിയിൽ വിവര സാങ്കേതിക വിദ്യയുടെ പ്രയോഗ സാധ്യതകൾ
- കാർഷികോൽപന്ന കയറ്റുമതിയിലെ ഗുണ നിലവാര മാനദണ്ഡങ്ങൾ
- കേരളത്തിലെ കാർഷിക വായ്പ: ലഭ്യതയും ഉപയോഗവും
- വന്യമൃഗ ശല്യവും പരിഹാര മാർഗ്ഗങ്ങളും
- കൃഷിയും സഹകരണ മേഖലയും: സംയോജന സാധ്യതകൾ
- കർഷക ഉൽപാദക സംഘങ്ങൾ: സാധ്യതകൾ, വെല്ലുവിളികൾ
- കാർഷിക മേഖലയിലെ തൊഴിലാളി സംഘങ്ങൾ: പുതിയ മാതൃകകൾ
- കാർഷികോൽപ്പന്നങ്ങളുടെ സംഭരണവും വിപണനവും
- കേരളത്തിലെ കാർഷിക വിപണന സംവിധാനം
- കാർഷിക ഇനങ്ങളുടെ ആഗോള വിലനിലവാര പ്രവണതകൾ
- താങ്ങുവില നിർണ്ണയവും നെല്ലിന്റെ സംഭരണവും
- സുഗന്ധവിളകളുടെ വിപണനവും കയറ്റുമതിയും
- പച്ചക്കറികളുടെ വിപണനത്തിലെ പ്രശ്നങ്ങളും പരിഹാരവും
- നാളികേരത്തിന്റെ വിപണനവും മൂല്യവർദ്ധനവും: നിലവിലെ പ്രശ്നങ്ങളും പരിഹാരവും
- കേരളത്തിലെ പഴ വർഗ്ഗങ്ങൾ: വിപണനവും മൂല്യവർദ്ധനവും
- റബ്ബർ വിപണനത്തിലെ പ്രതിസന്ധികളും പരിഹാര മാർഗ്ഗങ്ങളും
- പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ സംഭരണ- വിപണന കേന്ദ്രങ്ങൾ: സാധ്യതകൾ, പരിമിതികൾ
- ഭൗമ സൂചിക ഉൽപ്പന്നങ്ങളുടെ വിപണനവും കയറ്റുമതിയും
- കേരളത്തിലെ കാർഷിക കയറ്റുമതിയും ഇറക്കുമതിയും: നിലവിലെ പ്രവണതകൾ, ഭാവി സാധ്യതകൾ
- കേരളത്തിലെ വാണിജ്യവിളകളുടെ പ്രോത്സാഹനത്തിന് വാണിജ്യ ബോർഡുകൾ: ഒരു അവലോകനം
- ചെറുകിട വന ഉൽപ്പന്നങ്ങളുടെ വിപണനം: കേരളത്തിന്റെ സാധ്യതകൾ
- കാർഷിക മൂല്യവർദ്ധന: കേരളത്തിന്റെ വികസന സാദ്ധ്യതകൾ
- കാർഷിക മൂല്യവർദ്ധനവിലെ മൂലധന നിക്ഷേപം: നിലവിലെ പ്രവണതകൾ
- ഫുഡ് പാർക്കുകളുടെയും കാർഷിക വ്യവസായ പാർക്കുകളുടെയും ഫലക്ഷമത: ഒരു വിലയിരുത്തൽ
- കാർഷികോൽപ്പന്ന സംസ്കരണത്തിലെയും മൂല്യ വർദ്ധനവിലെയും നൂതനാശയങ്ങളും സംരംഭകത്വ പ്രോത്സാഹന സംവിധാനങ്ങളും
- കാർഷിക മേഖലയിലെ സംരംഭകത്വ സൗഹൃദ നയങ്ങൾ
- കൃഷിയിലെ മൂല്യ വർദ്ധനവും സഹകരണ സ്ഥാപനങ്ങളും
- കേരളത്തിലെ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ കയറ്റുമതി സാധ്യതകൾ
- കർഷക ഉൽപാദക സംഘങ്ങളുടെ മൂല്യ വർദ്ധന സംരംഭങ്ങൾ
- കാർഷിക മൂല്യവർദ്ധന മേഖലയിലെ ഗവേഷണവും വികസനവും
- കാർഷിക മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട നിയമ ഭേദഗതികളും പരിഷ്ക്കാരങ്ങളും
- കാർഷിക മൂല്യവർദ്ധനവും ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങളും
- കാർഷിക മൂല്യവർദ്ധനവിന് നൈപുണി വികസനവും പരിശീലനവും: കേരളത്തിന്റെ സാധ്യതകൾ
- ഒരു പ്രദേശം, ഒരു ഉൽപ്പന്നം: മൂല്യ വർദ്ധനാധിഷ്ഠിത പ്രാദേശിക സാമ്പത്തിക വികസനം
- സമഗ്ര പുരയിടകൃഷി - സാധ്യതകൾ

നിങ്ങളെ സഹായിക്കുന്നതിന് ഓരോ ജില്ലയിലും കാർഷിക വിദഗ്ദരുടെ ഒരു ചെറുഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. അവരുടെ വിശദമായ പേരുവിവരം വെബ്സൈറ്റിൽ ഉണ്ടാകും. താങ്കളുടെ താൽപ്പര്യം അറിയിച്ചുകൊണ്ടുള്ള മറുപടി ലഭിച്ചുകഴിഞ്ഞാൽ അവർ നിങ്ങളെ ബന്ധപ്പെടുന്നതിന് ഏർപ്പാടുണ്ടാകും.

പ്രബന്ധങ്ങളുടെയും അനുഭവക്കുറിപ്പുകളുടെയും സംഗ്രഹം ഒരു പേജിൽ കവിയാൻ പാടില്ല. സംഗ്രഹത്തിൽ പ്രസക്തമായ വിഷയമേഖല, വിഷയം, പ്രധാന പ്രവർത്തനങ്ങൾ, നൂതനാശയങ്ങൾ, മറ്റു പ്രധാനപ്പെട്ട വിവരങ്ങൾ എന്നിവ പരാമർശിക്കാം. അവതരിപ്പിക്കുന്ന വ്യക്തിയുടെ പേരും വിലാസവും ഫോൺ നമ്പരും ഇ-മെയിൽ വിലാസവും സംഗ്രഹത്തിൽ രേഖപ്പെടുത്തണം.

## സമയക്രമം

- പ്രബന്ധം/അനുഭവക്കുറിപ്പുകൾ അവതരിപ്പിക്കാൻ താൽപ്പര്യപ്പെടുന്നവർ 2023 ഏപ്രിൽ 23-നകം അറിയിക്കണം
- പ്രബന്ധം/അനുഭവക്കുറിപ്പുകൾ സംഗ്രഹം 2023 ഏപ്രിൽ 25-നകം ലഭ്യമാക്കണം
- വിശദമായ പ്രബന്ധം 2023 മെയ് 10-നകം സംഘാടകസമിതിക്കു ലഭ്യമാക്കണം.

കാർഷിക സെമിനാറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ എത്രയുംവേഗം വിഷയമേഖല സൂചിപ്പിച്ച് താഴെ നൽകിയിരിക്കുന്ന ഇ-മെയിൽ വിലാസത്തിൽ അറിയിക്കുക

ഈ സെമിനാറിൽ പങ്കെടുക്കുന്നതിന് താങ്കളെ സാദരം ക്ഷണിക്കുന്നു.

പഠനകോൺഗ്രസ്സ് അക്കാദമികസമിതി

**എസ്. രാമചന്ദ്രൻ പിള്ള**
ചെയർമാൻ

**ഡോ. റ്റി.എം. തോമസ് ഐസക്ക്**
സെക്രട്ടറി

സെമിനാർ അക്കാദമികസമിതി - കൃഷി

**ഡോ. ആർ. രാംകുമാർ**
ചെയർമാൻ

**ഡോ. എ. പ്രേമ**
കൺവീനർ

ഇമെയിൽ: **info@akgcentre.in**
ഡോ. എ. പ്രേമ: **premaakau@gmail.com ◆ 94463 19848**
വെബ്സൈറ്റ്: **www.akgcentre.in**